പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർ സെക്കൻഡറി
വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**നം.സി.ജി.ഐ.സി./1522/2021/ഡി.ജി.ഇ.** **തീയതി.:28/07/2021**

## <u>സർക്കുലർ</u>

**വിഷയം**- പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി.- സി.ജി.ഐ.സി. - കരിയർ ദിനനാഘോഷം 2021-22 -'**കരിയർത്തോൺ**' - സംബന്ധിച്ച്.

ഹയർസെക്ക്ന്ററി സ്ഥാപക ദിനമായ ആഗസ്റ്റ് 1 – കരിയർ ദിനമായി ആചരിച്ച് വരികയാണ്. മുൻ വർഷങ്ങളിൽ കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ ഹയർസെക്കന്ററി സ്കൂളുകളിൽ രാവിലെ അസംബ്ലി ചേർന്ന് കരിയർ പ്ലാനിങ്ങിനെ കുറിച്ച് കുട്ടികളോട് സംസാരിക്കുകയും തുടർന്ന് ക്ലാസുകളിൽ ഓരോ അധ്യാപകനും അവരുടെ വിഷയങ്ങളിലൂള്ള തുടർ പഠന സാധ്യതകളെകുറിച്ചും തൊഴിൽ സാധ്യതകളെ കുറിച്ചും വിദ്യാർത്ഥികൾക്ക് അവബോധം നൽകാറാണ് പതിവ്.

കോവിഡ്–19 ന്റെ പശ്ചാതലത്തിൽ ഈ വർഷം ആഗസ്റ്റ് 1 ഞായറാഴ്ച ***"കരിയർത്തോൺ "*** എന്ന പേരിൽ രാവിലെ 6.30 മുതൽ രാത്രി 10.30 വരെ 16 മണിക്കൂർ നീണ്ടു നിൽക്കുന്ന കരിയർ കൗൺസലിങ്ങ് പ്രോഗ്രാം ഒരുക്കിയിരിക്കുന്നു. ഉന്നത പരിശീലനം ലഭിച്ച് 35 കരിയർ ഗൈഡ്മാർ വിവിധ സെഷനുകളിലായി കുട്ടികൾക്ക് കരിയർ കൗൺസലിങ്ങ് നൽകുന്നതാണ്. പ്ലസ് ടൂ പരിക്ഷയെഴുതി ഉന്നത പഠനത്തിന് തയ്യാറായികൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഇത് പ്രയോജനപ്പെടുത്താവുന്നതാണ്. ZOOM വെർച്ച്യൂൽ പ്ലാറ്റ്ഫോം വഴിയും CGAC യൂട്യൂബ് ചാനൽ വഴിയും കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്.

സംസ്ഥാനത്തെ എല്ലാ കരിയർ ഗൈഡുമാരും CGAC യൂട്യൂബ് ചാനൽ വഴി പങ്കെടുക്കേണ്ടതും തൽപരാരായ വിദ്യാർത്ഥികളെ സൂം വെർച്ച്യൂൽ പ്ലാറ്റ്ഫോം വഴി പങ്കെടുപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

01/08/2021-ൽ നടക്കുന്ന പ്രോഗ്രാമിന്റെ ഷെഡ്യൂളും ZOOM പ്ലാറ്റ്ഫോമിന്റെ ലിങ്കും ചുവടെ ചേർക്കുന്നു.

| **സെഷൻ** | **സമയം** | **തുടർ പഠന/തൊഴിൽ മേഖല** |
|---|---|---|
| 1 | 6.30 am to 9.00 am | മെഡിക്കൽ,മെഡിക്കൽ അലൈഡ്, പാരാമെഡിക്കൽ |
| 2 | 9.00 am to 11.30 am | കോമേഴ്സ് മേഖല |
| 3 | 11.30 am to 2.30 pm | എഞ്ചിനിയിറിങ്ങ്, ന്യൂ ജനറേഷൻ കോഴ്സുകൾ, ഡിസൈൻ |
| 4 | 2.30 pm to 5.00 pm | ഹ്യുമാനിറ്റീസ്, ടിച്ചിങ്ങ്, ആർട്ട്സ്, സ്പോർട്ട്സ്, വിവിധ മൽസര പരീക്ഷകൾ |
| 5 | 5.00 pm to 8.00 pm | ബേസിക് സയൻസ് ഡിഗ്രീ, ഐ.ടി |
| 6 | 8.00 pm to 10.30 pm | ഹൃസ്വകാല കോഴ്സുകൾ, ഐ.ടി.ഐ, പോളിടെക്നിക് |

**സൂം മീറ്റിങ്ങ് ഐഡി 894 0507 0603 മീറ്റിങ്ങ്കോഡ് 12345**

**ഒപ്പ്/-**
**ഡയറക്ടർ**
പൊതുവിദ്യാഭ്യാസ വകുപ്പ്